Draft #10 of File 181636/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 01-Nov-2022 10:36 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്- 2022 - സോഷ്യൽ സയൻസ് വിഷയങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള സമയം 04.11.2022 തീയതി വരെ ദീർഘിപ്പിച്ച്- ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 11025/AC A 6/2022/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 01.11.2022

---

*പരാമർശം:*-1. 30.08.2022 തീയതിയിലെ വിജ്ഞാപനം നമ്പർ 181636/ ACA6 -2/2021/ ACA6

2. 19.10.2022 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 10635/ ACA 6/ 2022/ എം.ജി.യു

3. 28.10.2022 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 10931/ACA6/2022/എം.ജി.യു

4. 28.10.2022 തീയതിയിലെ വിജ്ഞാപനം നമ്പർ 181636/ACA6-2/ 2021/ ACA 6

**ഉത്തരവ്**

പരാമർശം (1) പ്രകാരം മഹാത്മാഗാന്ധി സർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്-2022 -ന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, പരാമർശം (2), (3) എന്നിവ പ്രകാരം, സോഷ്യൽ സയൻസ് വിഷയങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് മെൻ്ററുടെ യോഗ്യതയിൽ ഇളവ് വരുത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31.10.2022 തീയതിയായി നിശ്ചയിച്ചിരുന്നു. തദനുസരണം പരാമർശം (4) വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ, കുറഞ്ഞ കാലയളവിനുള്ളിൽ പ്രസ്തുത വിജ്ഞാപനം പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ വിദ്യാർത്ഥികൾക്ക് കഴിയാത്ത സാഹചര്യമുണ്ടെന്ന് ചൂണ്ടിക്കാട്ടി ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ മഹാത്മാഗാന്ധി സർവകലാശാല യൂണിറ്റ് കൺവീനർ, ശ്രീ. അശ്വിൻ രാജൻ വർഗീസ്, അപേക്ഷ സമർപ്പിച്ചിരുന്നു.

അപേക്ഷ പരിഗണിച്ച ബഹു. പ്രൊ- വൈസ് ചാൻസലർ, സോഷ്യൽ സയൻസ് വിഷയങ്ങളിലുള്ള വിദ്യാർത്ഥികൾക്ക്, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് - 2022 ന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 04.11.2022, 5 PM വരെ ദീർഘിപ്പിച്ചുനൽകി ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. PS to VC/ PVC
2. PA to Registrar
3. എല്ലാ പഠന വകുപ്പ് തലവന്മാർക്കും
4. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / പി ആർ ഒ / യൂണിവേഴ്സിറ്റി വെബ് സൈറ്റ്
5. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #10 of File 181636/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 01-Nov-2022 10:36 AM - Page 2